# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ സെബസ്ത്യാനോസ്



ആദിമ ക്രിസ്ത്യാനികളുടെ കാലഘട്ടത്തിൽ അനവധി രക്തസാക്ഷികളിൽ ഒരു രക്തസാക്ഷി വി.സെബസ്ത്യാനോസ്. വി. സെബസ്ത്യാനോസ് കേരളക്രൈസ്തവന്റെ സ്വന്തമാണ്. നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിക്കാത്ത ഇടവകകൾ കേരളത്തിൽ ഉണ്ടോ എന്ന് സംശയമാണ്. ആദിമകാലഘട്ടത്തിൽ ജീവിച്ചിരുന്ന ആളായതുകൊണ്ട് കൃത്യമായ ചരിത്രസാക്ഷ്യം ലഭ്യമല്ല. തലമുറകൾ കൈമാറിപോന്ന പാരമ്പര്യങ്ങൾ നമ്മുടെ വിശ്വാസത്തിലുണ്ട്. ക്രിസ്തുവിന്റെ അനുയായി ആയി എന്ന കാരണത്താൽ ആദിമകാലങ്ങളിൽ ധാരാളം പേരെ ഭരണാധികാരികൾ കൊന്നിട്ടുണ്ട്. റോം ആയിരുന്നു ഏറ്റവും പീഡകൾ നടന്നിട്ടുള്ള സ്ഥലം. സിംഹക്കൂട്ടിൽ എറിഞ്ഞും കുരിശിൽ തറച്ചും എണ്ണയിൽ താഴ്ത്തിയും അമ്പെയ്തുമൊക്കെ കൊല്ലുക എന്നതായിരുന്നു അന്നത്തെ രാജാക്കന്മാരുടെ ഇഷ്ടവിനോദം. കൂടുതൽ പീഡകൾ സംഭവിക്കുംതോറും ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിച്ചുവന്നു. കാരണം ആദിമ ക്രിസ്ത്യാനികൾ ഒരു കറയുമില്ലാതെ ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തിയിരുന്നു. സഭയുടെ ആരംഭം മുതൽ 3000 വർഷത്തോളം ക്രിസ്ത്യാനികൾക്ക് മർദ്ദനം മാത്രമായിരുന്നു ലഭിച്ചത്.

എ.ഡി. 225 നോടടുത്ത് ഫ്രാൻസിലെ നർബോൺ പട്ടണത്തിൽ വി. സെബസ്ത്യാനോസ് ജനിച്ചു എന്നതാണ് പാരമ്പര്യം. നല്ല സാമ്പത്തികശേഷിയുള്ള കുടുംബത്തിൽ ജനിച്ച അദ്ദേഹം പിന്നീട് റോമിലേക്ക് പോയി. ബഹുമുഖവ്യക്തിത്വമുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം സൈന്യത്തിൽ ചേർന്നു. ജൂപിറ്റർ ദേവന്റെ പിൻഗാമികളാണ് തങ്ങളെന്ന് റോമൻ ചക്രവർത്തിമാർ അവകാശപ്പെട്ടിരുന്നു. അതുകൊണ്ട് പട്ടാളക്കാർ പ്രത്യേകിച്ചും ചക്രവർത്തിയെ ആരാധിക്കണമെന്നായിരുന്നു നിയമം. ഇത് അംഗീകരിക്കാൻ സെബാസ്ത്യാനോസിന് കഴിഞ്ഞില്ല. ക്രിസ്തുവിലുള്ള തന്റെ വിശ്വാസം രഹസ്യമായി സൂക്ഷിച്ചുകൊണ്ട് ജയിലിൽ അടയ്ക്കപ്പെട്ടവരുടേയും പട്ടാളത്തിന്റെയും ഇടയിൽ മിഷൻ പ്രവർത്തനം അദ്ദേഹം നടത്തി. രക്തസാക്ഷിത്വം ഒരു ഭാഗ്യമായി കരുതിയിരുന്ന ഒരു കാലഘട്ടമായിരുന്നു അപ്പോൾ. മതപീഡനത്തിൽ വേദനിക്കുന്നവർക്ക് ധൈര്യം പകർന്നു കൊടുക്കുന്നതിൽ സെബസ്ത്യാനോസ് വളരെ സമർത്ഥനായിരുന്നു.

ഒരു രഹസ്യദൂതൻ വഴി സെബാസ്ത്യാനോസ് ക്രിസ്ത്യാനിയാണെന്ന് ചക്രവർത്തി മനസ്സിലാക്കി . കോപംകൊണ്ട് ചക്രവർത്തിക്ക് കലി കയറി. അതുവരെ ചക്രവർത്തിക്ക് സെബസ്ത്യാനോസിനെ

ബഹുമാനമായിരുന്നു. സെബസ്ത്യാനോസ് ക്രിസ്ത്യാനിയാണെന്നത് ചക്രവർത്തിക്ക് സഹിക്കാവുന്നതിലേറെയായിരുന്നു. ചക്രവർത്തി സെബാസ്ത്യാനോസിനെ വിളിപ്പിച്ച് കാര്യം ആരാഞ്ഞു. ചക്രവർത്തിയോടും രാജ്യത്തോടും തന്റെ ഔദ്യോഗികചുമതലകളോടും ഒട്ടും അവിശ്വസ്തത കാണിച്ചിട്ടില്ല എന്നാൽ തന്റെ പവിത്രമായ മതവിശ്വാസം ആർക്കുവേണ്ടിയും ബലികഴിക്കില്ല. അതിൽ ചക്രവർത്തി ഇടപെടേണ്ട കാര്യമില്ല. സെബസ്ത്യാനോസ് തീർത്തും ധൈര്യസമേതം പറഞ്ഞു.

സെബസ്ത്യാനോസിന്റെ കഴിവിലുള്ള വിശ്വാസംകൊണ്ട് ശിക്ഷ ഇങ്ങനെയാക്കി. ദേവന് ബലിയർപ്പിച്ച് ജീവൻ രക്ഷിക്കാൻ ചക്രവർത്തി ആവശ്യപ്പെട്ടു. സെബസ്ത്യാനോസ് വഴങ്ങിയില്ല. തീയിൽ ദഹിപ്പിക്കുമെന്ന് രാജാവ് ഭീഷണിപ്പെടുത്തി. തീയിൽ നടക്കുന്നത് റോസപ്പൂമെത്തയിൽ നടക്കുന്നതുപോലെയാണെന്നായി സെബസ്ത്യാനോസ്. ശിക്ഷ മാറ്റി, മരത്തിൽ ചേർത്ത് ബന്ധിച്ച് അമ്പെയ്ത് കൊല്ലാൻ രാജാവ് കൽപ്പിച്ചു. അമ്പെയ്ത് പീഡിപ്പിച്ചു എന്നതാണ് അമ്പ് പെരുന്നാളിന്റെ പ്രസക്തി. അമ്പെയ്തിൽ അദ്ദേഹം വധിക്കപ്പെട്ടിരുന്നില്ല. മരിച്ചു എന്നാണ് ചക്രവർത്തി കരുതിയിരുന്നത്. മരിക്കാറായ അദ്ദേഹത്തെ ക്രിസ്ത്യാനികൾ രഹസ്യമായി കൊണ്ടുപോയി ശുശ്രൂഷിച്ചിരുന്നു. കുറെയൊക്കെ സുഖപ്പെടുകയും ചെയ്തിരുന്നു. വീണ്ടും അദ്ദേഹം കൊട്ടാരത്തിൽ പോയി.

കൊട്ടാരത്തിൽ കണ്ട സെബസ്ത്യാനോസിനെ ഗദകൊണ്ട് അടിച്ചുകൊല്ലാൻ ചക്രവർത്തി കൽപ്പിക്കുകയും ഒരു പട്ടാളക്കാരൻ ആ ക്രൂരകൃത്യം നിർവ്വഹിക്കുകയും ചെയ്തു. അങ്ങനെ സെബസ്ത്യാനോസ് സഭയിലെ ഒരു വീര രക്തസാക്ഷിയായി. കോട്ടക്ക് പുറത്തേക്ക് മൃതദേഹം എറിയപ്പെട്ടു. കഴുകന്മാർക്കുള്ള ഭക്ഷണമായി. പക്ഷെ കഴുകന്മാർ മൃതശരീരത്തിന് കാവലിരിക്കുകയാണുണ്ടായത് എന്നാണ് പാരമ്പര്യം. നമ്മുടെ ചില പള്ളികളിൽ വി.സെബസ്ത്യാനോസിന്റെ തിരുനാൾ പ്രദക്ഷിണസമയത്ത് ആകാശത്ത് പരുന്ത് വന്ന് പറക്കുന്നതിന് ഈ ഐതീഹ്യവുമായി ബന്ധമുണ്ടെന്നാണ് പറയപ്പെടുന്നത്. പകർച്ചവ്യാധികളേയും മാറാരോഗങ്ങളേയും സുഖപ്പെടുത്തുന്ന മദ്ധ്യസ്ഥനായാണ് വി.സെബസ്ത്യാനോസ് അറിയപ്പെടുന്നത്. അതിന് കാരണവുമുണ്ട്.

എ.ഡി. 680 ൽ ഒരു വലിയ പകർച്ചവ്യാധി റോമാനഗരത്തെ ബാധിച്ചു. അനേകർ മരിച്ചു. ചികിത്സകളെല്ലാം വിഫലമായി. അവസാനം നഗരവാസികൾ വി.സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ചു. അങ്ങിനെ റോമാനഗരം പകർച്ചവ്യാധിയിൽ നിന്നും മോചിപ്പിക്കപ്പെട്ടു. 1575 ൽ മിലാൻ പട്ടണവും 1599 ൽ ലിസ്ബൺ നഗരവും പകർച്ചവ്യാധികൾ കൊണ്ട് കഷ്ടപ്പെട്ടപ്പോൾ വിശുദ്ധ സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥശക്തിയാണ് തുണയായത്. കൂടാതെ നമ്മുടെ നാട്ടിലും വസൂരി മുതലായ രോഗങ്ങൾ പടർന്നു പിടിച്ചപ്പോഴും വി.സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥശക്തിയാൽ വലിയ ആശ്വാസം ലഭിച്ചതിന് നാമും നമ്മുടെ പൂർവ്വികർ സാക്ഷികളാണ്. വി. സെബസ്ത്യാനോസ്വഴിയായി ഒരുപാട് അത്ഭുതങ്ങൾ ഈശോ ചെയ്യുന്നുണ്ട്. സെബസ്ത്യാനോസ് പുണ്യാളൻവഴി അപേക്ഷിച്ചാൽ ദൈവം അത് സാധിച്ചുതരും.

വിശുദ്ധ സെബസ്ത്യാനോസ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ